# പതിനാലാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 556 21.11.2019 ൽ മറുപടിക്ക്**

**പൊതുമരാമത്ത് വകുപ്പിലെ പ്രവർത്തനങ്ങളുടെ കാര്യക്ഷമത**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.ഡി. പ്രസേനൻ<br>ശ്രീ. ജെയിംസ് മാത്യു<br>ശ്രീ. സി. കെ. ശശീന്ദ്രൻ<br>ശ്രീ. ഐ.ബി. സതീഷ് | ശ്രീ. ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട പരാതികളും നിർദ്ദേശങ്ങളും സ്വീകരിക്കുന്നതിന് അവലംബിച്ച മാർഗ്ഗങ്ങൾ എന്തെല്ലാമായിരുന്നു; ലഭിച്ച പരാതികൾ പരിഹരിക്കുന്നതിലുണ്ടായിട്ടുള്ള പുരോഗതി വ്യക്തമാക്കുമോ; | എ) പൊതുമരാമത്ത് വകുപ്പ് റോഡുകൾ, പാലങ്ങൾ, കെട്ടിടം എന്നിവ സംബന്ധിച്ച് പരാതികൾ നേരിട്ട് അറിയിക്കുവാൻ പൊതുമരാമത്ത് വകുപ്പിൽ (കെ.എസ്.ടി.പി വിഭാഗത്തിനു കീഴിൽ) പ്രത്യേക സെൽ രൂപീകരിച്ചിട്ടുണ്ട്. ടോൾ ഫ്രീ നം. 18004257771-ലേക്ക് രാവിലെ 9 മണി മുതൽ വൈകിട്ട് 7.30 വരെ വിളിക്കാവുന്നതാണ്. ലഭിക്കുന്ന പരാതികൾ ബന്ധപ്പെട്ട അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് കൈമാറുകയും പരാതി പരിഹരിക്കാനുള്ള നടപടികൾ സ്വീകരിക്കുകയും പരിഹരിച്ചതിനുശേഷം പരാതി സെല്ലിൽ റിപ്പോർട്ട് ചെയ്യുകയും ചെയ്യുന്നു. ഇതു കൂടാതെ മുഖ്യമന്ത്രിയുടെ പൊതുജന പരാതി പരിഹാരസെൽ മുഖാന്തിരം പരാതികൾ സ്വീകരിക്കുകയും അതിന്മേൽ നടപടിയെടുക്കുകയും ചെയ്തു വരുന്നു. ബഹു. പൊതുമരാമത്ത് വകുപ്പ് മന്ത്രി ഫോൺ-ഇൻ-പ്രോഗ്രാമിലൂടെ നേരിട്ടും പൊതുജനങ്ങളിൽ നിന്നും പരാതികൾ സ്വീകരിച്ചുവരുന്നു. ബഹു. മന്ത്രിയുടെ ഔദ്യോഗിക ഇ-മെയിൽ വഴിയും തപാൽ വഴിയും പരാതികൾ സ്വീകരിക്കുകയും ആവശ്യമായവയിൽ തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യാറുണ്ട്. |

| | | | |
|---|---|---|---|
| ബി) | വകുപ്പിലെ പ്രവർത്തനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി ഉദ്യോഗസ്ഥതല പുനർവിന്യാസങ്ങൾ നടത്തിയിരുന്നോ; എങ്കിൽ അതിന് സ്വീകരിച്ച മാനദണ്ഡങ്ങൾ എന്തെല്ലാമായിരുന്നു; ഇതുമൂലം ലക്ഷ്യം എത്രത്തോളം സാക്ഷാൽക്കരിക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് അറിയിക്കാമോ; | ബി) | വകുപ്പിലെ പ്രവർത്തനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി ഉദ്യോഗസ്ഥതല പുനർവിന്യാസങ്ങൾ നടത്തിയിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പ് ഡിസൈൻ വിഭാഗവും ഇൻവെസ്റ്റിഗേഷൻ, ക്വാളിററി കൺട്രോൾ വിഭാഗം നവീകരണവുമായി ബന്ധപ്പെട്ട് വകുപ്പിനുള്ളിലെ ജോലിഭാരം കുറഞ്ഞ ഓഫീസുകളിലെ തസ്തികകൾ ജോലിഭാരം കൂടിയ ഓഫീസുകളിലേക്ക് സർക്കാർ ഉത്തരവ് പ്രകാരം പുനർ വിന്യസിച്ചിരുന്നു. കൂടാതെ വകുപ്പിൽ പുതുതായി രൂപീകരിച്ച പാലങ്ങൾ, റോഡ് മെയിന്റനൻസ് വിഭാഗങ്ങൾക്കായി മിനിസ്റ്റീരിയൽ തസ്തികകൾ പുനർ വിന്യസിക്കുന്നത് സംബന്ധിച്ച ശുപാർശ പരിശോധിച്ചു വരുന്നു. |
| സി) | നിലവിലെ സാഹചര്യത്തിൽ വകുപ്പിന്റെ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുന്നതിനും വേഗത്തിലാക്കുന്നതിനും ആവശ്യമായ ജീവനക്കാരുടെ കുറവ് പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | സി) | വകുപ്പിന്റെ പ്രവർത്തനത്തിന് ആവശ്യമായ ജീവനക്കാരുടെ കുറവ് പരിഹരിക്കുന്നതുമായി ബന്ധപ്പെട്ട് ഇലക്ട്രിക്കൽ, സിവിൽ, ഇലക്ട്രോണിക്സ് വിഭാഗങ്ങൾക്കായി 321 തസ്തികകൾ പുതുതായി ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സൃഷ്ടിച്ചിട്ടുണ്ട് (ഇലക്ട്രിക്കൽ വിഭാഗത്തിന് 68 തസ്തികകൾ ഉൾപ്പെടെ). ഇലക്ട്രോണിക്സ് വിഭാഗത്തിന്റെ തസ്തിക രൂപീകരണ ശുപാർശ ധനകാര്യ വകുപ്പിന്റെ അഭിപ്രായ പ്രകാരം വർക്ക് സ്റ്റഡി നടത്തുന്നതിനായി ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന് സമർപ്പിച്ചിരിക്കുകയാണ്. റസ്റ്റ്ഹൗസുകളിലെ ജീവനക്കാരുടെ കാര്യത്തിലും വിലയിരുത്തൽ നടത്തി ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിനായി നിർദ്ദേശം സമർപ്പിച്ചിരിക്കുന്നു. |

**സെക്ഷൻ ഓഫീസർ**